©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, ശനി<br>Thiruvananthapuram, Saturday | 2018 ഒക്ടോബർ 27<br>27th October 2018<br>1194 തുലാം 10<br>10th Thulam 1194<br>1940 കാർത്തികം 5<br>5th Karthika 1940 | നമ്പർ<br>No. 2671 |


## കേരള സർക്കാർ

### തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 72/2018/ത.സ്വ.ഭ.വ. *തിരുവനന്തപുരം, 2018 ഒക്ടോബർ 23*
*1194 തുലാം 6.*

**എസ്. ആർ. ഒ. നമ്പർ 749/2018.**—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 218-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച്, താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ളതും പ്രസ്തുത ആക്റ്റിലെ 218-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം, കോട്ടയം ജില്ലയിലെ തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായതും റവന്യൂ രേഖകളിൽ "കുളം പുറമ്പോക്ക്" എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ പുറമ്പോക്ക് ഭൂമിയുടെ ഭരണം പ്രസ്തുത പഞ്ചായത്തുമായി കൂടിയാലോചിച്ചശേഷം, കേരള സർക്കാർ, ഇതിനാൽ ഏറ്റെടുക്കുന്നു, അതായത്:—

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെൻറ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2018.

33/3975/2018/S-12.

## പട്ടിക

| | | |
|---|---|---|
| ജില്ല | .. | കോട്ടയം |
| താലൂക്ക് | .. | ചങ്ങനാശ്ശേരി |
| വില്ലേജ് | .. | തൃക്കൊടിത്താനം |
| ഗ്രാമപഞ്ചായത്ത് | .. | തൃക്കൊടിത്താനം |
| ബ്ലോക്ക് നമ്പർ | .. | 8 |
| റീസർവ്വേ നമ്പർ | .. | 222/5 Part |
| വിസ്തീർണ്ണം | .. | 6.07 ആർ (15 സെന്റ്). |

## അതിരുകൾ

| | | |
|---|---|---|
| വടക്ക് | .. | തൃക്കൊടിത്താനം കൃഷി ഭവൻ. |
| തെക്ക് | .. | കോലേട്ട് സേവ്യർ മകൻ ബെന്നി @ ജോസഫ് സേവ്യർ വക വസ്തു, റീസർവ്വേ നമ്പർ—222/8. |
| കിഴക്ക് | .. | പഞ്ചായത്ത് കോൺക്രീറ്റ് റോഡ്. |
| പടിഞ്ഞാറ് | .. | കൈത്തോട്. |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ടി. കെ. ജോസ്,

*ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 218-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം കോട്ടയം ജില്ലയിലെ തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള സർവ്വേ നമ്പർ 222/5-ൽപ്പെട്ട 6.07 ആർ "കുളം പുറമ്പോക്ക്" ഭൂമി തൃക്കൊടിത്താനം പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനായി പോലീസ് വകുപ്പിന് കൈമാറുന്നതിലേക്കായി, ടി ആക്റ്റിലെ 218-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് ടി ഭൂമിയുടെ ഭരണം ഏറ്റെടുക്കുന്നതിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുമായി കൂടിയാലോചിച്ചശേഷം കേരള സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.